**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2633** **23-02-2026 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് ക്ലാർക്ക്/ക്യാഷ്യർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | 2026 ഫെബ്രുവരി മുതൽ 2026 മെയ് വരെ കേരള ബാങ്ക് ക്ലർക്ക്/ക്യാഷ്യർ തസ്തികയിൽ നിന്നും എത്ര പേർ വിരമിക്കുന്നുണ്ടെന്നും ഇതിലൂടെ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നും ഇതിൽ എത്ര ഒഴിവുകളാണ് പി. എസ്. സി. മുഖേന നികത്തപ്പെടുന്നതെന്നും വിശദമാക്കാമോ; | (എ) | 2026 ഫെബ്രുവരി മുതൽ 2026 മെയ് വരെ കേരള ബാങ്ക് ക്ലർക്ക്/ക്യാഷ്യർ തസ്തികയിൽ നിന്നും ആകെ 17 പേർ വിരമിക്കുന്നു. ടി ഒഴിവുകളിൽ 8 എണ്ണം PSC മുഖാന്തിരവും, 9 എണ്ണം പ്രൊമോഷനിലൂടെയും നികത്തേണ്ടതാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ ഈ തസ്തികയിൽ നിന്നും എത്ര പേർക്കാണ് അക്കൗണ്ടന്റായി പ്രൊമോഷൻ നൽകുന്നതെന്നും ഇതുവഴി എത്ര ഒഴിവുകൾ സൃഷ്ടിക്കപ്പെടുമെന്നും ഇതിൽ എത്ര ഒഴിവുകളാണ് പി. എസ്. സി. മുഖേന നികത്തപ്പെടുന്നതെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ 23 പേർക്ക് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നല്കേണ്ടിവരുന്നതാണ്. ആയതുപ്രകാരം 23 ഒഴിവുകൾ ക്ലാർക്ക് /കാഷ്യർ തസ്തികയിൽ സൃഷ്ടിക്കപ്പെടും. ആയതിൽ 3 എണ്ണം പ്രൊമോഷൻ മുഖേനയും, 20 എണ്ണം PSC മുഖേനയുമാണ് നികത്തേണ്ടത്. |
| (സി) | ഈ തസ്തികയിൽ സ്ഥിര ജീവനക്കാർ, താൽക്കാലിക ജീവനക്കാർ എത്രപേരാണ് നിലവിൽ ഉള്ളതെന്ന് വിശദമാക്കാമോ? | (സി) | 90 സ്ഥിര ജീവനക്കാർ ജോലി ചെയ്തു വരുന്നു.<br><br>PSC മുഖേനയുള്ള നിയമനം വൈകുന്ന കാരണത്താൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 300 പേരെ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ താൽക്കാലികമായി നിയമിച്ചിരുന്നു. PSC മുഖേന ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ നിയമനം നടക്കുന്ന തിയതി വരെയോ അല്ലെങ്കിൽ 179 ദിവസത്തേയ്ക്കോ ഇതിൽ ഏതാണോ ആദ്യം എന്ന വ്യവസ്ഥയിൽ ടി ഉദ്യോഗാർത്ഥികൾ നിലവിൽ തുടർന്ന് വരുന്നുണ്ട്.<br><br>കേരള ബാങ്ക് നിലവിൽ വരുന്നതിനു മുൻപ് മുൻ ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുണ്ടായിരുന്ന ഭരണ സമിതിയുടെ കാലത്ത് താൽക്കാലികമായി ക്ലർക്ക്/ കാഷ്യർ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്ന 103 പേർ നിലവിലും ദിവസ വേതനാടിസ്ഥാനത്തിൽ തുടർന്ന് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ